# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം.നമ്പർ . 1276.  12/07/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ പ്രമുഖമായ കേസുകൾ അന്വേഷിച്ചുവരുന്ന പോലീസ് ഉദ്യോഗസ്ഥന്മാരെ തൽസ്ഥാനങ്ങളിൽ നിന്ന് കൂട്ടംകൂട്ടമായി സ്ഥലം മാറ്റിയിരിക്കുന്നതുമൂലം അന്വേഷണം മന്ദഗതിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ബി) വിജിലൻസ്, ക്രൈംബ്രാഞ്ച്, ഇന്റലിജൻസ് തുടങ്ങി ഏതെല്ലാം വിഭാഗങ്ങളിൽനിന്ന് എത്രപേരെ ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സ്ഥലം മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഇന്റലിജൻസ് വിഭാഗത്തിൽ നിന്നും 192 പേരെയും, ക്രൈംബ്രാഞ്ചിൽ നിന്നും 23 പേരെയും സ്ഥലം മാറ്റിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലേക്ക് സംസ്ഥാന പോലീസ് മേധാവി അനുവദിച്ച 166 പേർക്ക് നിയമനം നൽകുന്നതിനായി നിലവിലുണ്ടായിരുന്ന ഒഴിവുകൾ കഴിച്ച് ശേഷിച്ച 128 പേരെ അവരുടെ മാതൃവകുപ്പായ പോലീസ് വകുപ്പിലേയ്ക്ക് മടക്കി അയച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പോലീസ് മേധാവി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റിലേയ്ക്ക് അനുവദിച്ച നാലു ഡ്രൈവർമാർക്ക് നിയമനം നൽകുന്നതിനായി ഒഴിവുകൾ നിലവിലില്ലാതിരുന്നതിനാൽ നിലവിൽ ജോലി ചെയ്ത നാല് പേരെ പോലീസ് വകുപ്പിലേയ്ക്ക് തിരിച്ചയച്ചു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റിലേക്ക് അനുവദിച്ച 11 പേർക്ക് നിയമനം നൽകുന്നതിനായി നിലവിലുണ്ടായിരുന്ന ഒഴിവുകൾ കഴിച്ച് ശേഷിച്ച 8 പേരെ പോലീസ് വകുപ്പിലേയ്ക്ക് തിരിച്ചയച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1, മദ്ധ്യമേഖല, എറണാകുളം, ഉത്തരമേഖല, കോഴിക്കോട് എന്നിവിടങ്ങളിലെ പോലീസ് സൂപ്രണ്ടുമാരെയും സ്ഥലം മാറ്റിയിട്ടുണ്ട്. |

| | |
|---|---|
| (സി) അന്വേഷണങ്ങൾ അന്തിമഘട്ട ത്തിലും പാതിവഴിയിലും എത്തിയിരിക്കു മ്പോൾ പോലീസ് ഉദ്യോഗസ്ഥന്മാരെ പാടെ മാറ്റിയിരിക്കുന്നത് എന്തുകൊണ്ടാ ണെന്ന് വെളിപ്പെടുത്തുമോ ; | (സി) സംസ്ഥാനത്തെ പോലീസ് സേന യിൽ എല്ലാവർഷവും നടത്തിവരാറുള്ള പൊതു സ്ഥലം മാറ്റം 2011 ലെ ഇലക്ഷൻ പെരുമാറ്റചട്ടം 01/03/2011 മുതൽ 18/05/2011 വരെ നിലനിന്നിരുന്നതി നാൽ നടത്താൻ സാധിച്ചിരുന്നില്ല. എന്നാൽ പെരുമാറ്റചട്ടം പിൻവലിച്ച ശേഷം എല്ലാ വർഷവും വാർഷിക പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിൽ മൂന്നു വർഷം ജോലി ചെയ്ത പോലീസ് ഉദ്യോഗസ്ഥന്മാരിൽ നിന്നും അവർക്ക് സ്ഥലംമാറ്റപ്പെട്ടാൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന മുൻ ഗണനാ ക്രമത്തിൽ മൂന്ന് പോലിസ് സ്റ്റേഷനുകളുടെ പേരുകൾ രേഖപ്പെടു ത്തികൊണ്ടുള്ള ഓപ്ഷനുകൾ സ്വീകരിക്കാറുണ്ട്. അതിനു ശേഷം അവ പരിശോധിച്ച് സാധ്യമാകുന്ന വിധത്തിൽ അവർ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക് മാറ്റം നൽകുകയും ചെയ്യുന്നു. പോലീസ് സേനയുടെ ഭരണപരമായ സൗകര്യവും സുഗമവും, കാര്യക്ഷമമായ നടത്തിപ്പ്, അച്ചടക്കം, ജില്ലയിലെ ഭൂമിശാസ്ത്രപര മായ പ്രത്യേകതകൾ എന്നിവ മൂലം കാല പരിധിയോ ദൂരപരിധിയോ എല്ലായ്പ്പാഴും കൃത്യമായി പാലിക്കാൻ പ്രായോഗികമല്ല. സ്റ്റേഷനുകളിൽ ഒഴിവുകൾ വർദ്ധിക്കാ തിരിക്കാനായി മൂന്നു വർഷത്തിൽ കുറഞ്ഞ കാലാവധിയുള്ള ചിലരെയും സ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്തേണ്ടിവരാ റുണ്ട്. 2011 ലെ തെരഞ്ഞെടുപ്പ് പെരു മാറ്റചട്ടം കഴിഞ്ഞതിന് ശേഷമുള്ള സ്ഥലംമാറ്റങ്ങളും ഇത്തരത്തിലാണ് ചെയ്തിട്ടുള്ളത്. |

| | |
|---|---|
| (ഡി) കോടതി നിർദ്ദേശങ്ങളെ തുടർന്ന് നടന്നുവരുന്ന ഏതെല്ലാം അന്വേഷണങ്ങളുമായി ബന്ധപ്പെട്ടവരെയാണ് തൽസ്ഥാനങ്ങളിൽ നിന്നും സ്ഥലം മാറ്റിയിട്ടുള്ളത് ? | (ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ